




# ദൈവദാസനായ കനീസിയൂസച്ചൻ





2019 May Vol: 5 Issue: 2






# പ്രാർത്ഥന ജീവിതമാക്കിയ, വചനത്തിൽ വിശ്വസിച്ച വിശുദ്ധൻ

ഫാ. പോൾ അച്ചാണ്ടി സി.എം. ഐ., പ്രിയോർ ജനറൽ

പ്രാർത്ഥന വിശുദ്ധമാക്കി മാറ്റിയ, പ്രാർത്ഥന ജീവനകലയാക്കി മാറ്റിയ ഒരു പ്രവാചകൻ നമ്മുടെ ഇടയിൽ ഉദയംചെയ്തിരിക്കുന്നു. പ്രാർത്ഥന അരോചകമായി എടുക്കുന്ന സാമാന്യ ജനതക്ക് പ്രാർത്ഥന ജീവിതത്തിന്റെ ഓജസാക്കി മാറ്റിയ ഒരു ദൈവദാസനെ നാം കണ്ടുമുട്ടുന്നു. ഇദ്ദേഹത്തിന്റെ പ്രത്യേകത ഇവൻ നമ്മുടെ നാട്ടുകാരനും നമ്മോടൊപ്പം സഞ്ചരിച്ചവനും നമ്മുടെ ഭാഷ സംസാരിച്ചവനും നമ്മെയൊക്കെ അറിയുന്നവനുമാണ് എന്നുള്ളതാണ്. ചിലർക്ക് അവൻ സഹപാഠിയായിരിക്കാം. ചിലർക്ക് ഗുരുഭൂതനായിരിക്കാം. ചിലർക്ക് വലിയ ആത്മീയ പിതാവായിരിക്കാം. ചിലർക്ക് കുമ്പസാരക്കാരനായിരിക്കാം. ചിലർക്ക് കപ്പേളയിൽനിന്ന് നിരീക്ഷിക്കുമ്പോൾ ജീവിക്കുന്ന വിശുദ്ധനായിരിക്കാം. ജീവിക്കുന്ന കാലത്ത് ദൈവജനം മുഴുവൻ, സമൂഹം കേൾക്കാൻ ശ്രമിച്ച, കാണാൻ ആഗ്രഹിച്ച ഒരു വലിയ മനുഷ്യന്റെ ജീവിതത്തിനു മുന്നിൽ നമസ്കരിച്ചുകൊണ്ട്, അവിടെനിന്നും ചൈതന്യം സ്വീകരിക്കാനാണ് നമ്മൾ ഈ ദേവാലയത്തിൽ ഇന്ന് ആഗതരായിരിക്കുന്നത്. അവനും അവൾക്കും വിശുദ്ധരാകാമെങ്കിൽ എന്തുകൊണ്ട് എനിക്ക് അതിന് സാധ്യമല്ല. വിശുദ്ധ അഗസ്റ്റിനെ അഗസ്റ്റിനാകാൻ പ്രേരിപ്പിച്ച വലിയ ചിന്ത ഇതായിരുന്നു. കാലഘട്ടങ്ങൾ കഴിഞ്ഞിട്ടും ഒരു വിശുദ്ധനെയോ വിശുദ്ധയെയോ പ്രസവിക്കാൻ സാധിക്കാത്ത വന്ധ്യയായ ഭാരതസഭയെ കണ്ടിട്ട് മാനസിക വിഷമം തോന്നിയ ചാവറ പിതാവ് എന്നും മനസ്സുരുകി, ഹൃദയം നൊന്ത് പ്രാർത്ഥിച്ചു. ഒരു വിശുദ്ധനുവേണ്ടി, ഒരു വിശുദ്ധ സമൂഹത്തിനുവേണ്ടി. 1721 മുതൽ നവംബർ 21 വരെ തിരുപട്ടം കഴിഞ്ഞ് ദിവ്യബലി അർപ്പിച്ചപ്പോൾ ആ പ്രഥമ ദിവ്യബലിയിൽ വിശുദ്ധ ചാവറ പിതാവിനു ഒരു നിയോഗമുണ്ടായിരുന്നു. ആ നിയോഗം കേരളക്കരയിൽ, ഭാരതക്കരയിൽ സ്വന്തമായ ഒരു സന്യാസ സമൂഹത്തെ രൂപപ്പെടുത്തണം എന്നതായിരുന്നു. ദിവ്യബലിയിലെ നിയോഗങ്ങൾ പൂർത്തീകരിക്കപ്പെടുമെന്ന് ജീവിതംകൊണ്ട് പഠിപ്പിച്ച ആചാര്യനാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ്.

പ്രശ്നങ്ങൾ കണ്ടപ്പോൾ, മനുഷ്യൻ തെറ്റിപ്പോകുന്നതിന് മുമ്പ് ഈശോ അവരോട് പറഞ്ഞു, മാർക്കോസിന്റെ സുവിശേഷം 18-ാം അദ്ധ്യായം 24-ാം വാക്യം, “വിശുദ്ധ ലിഖിതങ്ങളോ, ദൈവത്തിന്റെ ശക്തിയോ അറിയാത്തതുകൊണ്ടല്ലേ നിങ്ങൾക്ക് തെറ്റുപറ്റുന്നത്”.

വിശുദ്ധ ജെറോം പറയുന്നു, വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത, യേശുക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്. ഇത്തരം ചുറ്റുപാടിൽ വചനം പഠിച്ച്, വചനം ധ്യാനിച്ച്, വചനം ജീവിച്ച്, വചനം പ്രഘോഷിച്ച്, വചനം എഴുതി വചന ഉപാസകനായി മാറിയ ദൈവദാസനായ കനീസിയൂസച്ചൻ നമ്മുടെ മുമ്പിൽ വലിയൊരു വെല്ലുവിളി ഉയർത്തുന്നു. വചനം പഠിക്കാനും വചനം സ്വാംശീകരിക്കാനും വചനം ജീവിക്കാനും.

ഈശോ പറഞ്ഞുദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവരാരോ അവരാണ് എന്റെ അമ്മയും സഹോദരനും സഹോദരിയും. അവരാണ് വിശുദ്ധർ. ദൈവവചനത്തിന് സാദരം ചെവികൊടുത്ത് കേട്ട വചനം ഹൃദയത്തിലും ജീവിതത്തിലും സംഗ്രഹിച്ച് ജീവിക്കുന്നവരാണ് പരിശുദ്ധ അമ്മയെപ്പോലെ, വിശുദ്ധരെപ്പോലെ വിശുദ്ധിയുടെ വഴിത്താരയിൽ വ്യാപരിക്കുന്നത്. വത്തിക്കാൻ കൗൺസിൽ സന്യാസസമൂഹങ്ങളോട് ഇപ്രകാരം പറഞ്ഞു: രണ്ട് കാര്യങ്ങളാണ് സന്യാസത്തിന്റെ അന്തഃസത്തയും ഓജസ്സും. ഒന്ന് മിശിഹാനുകരണം, രണ്ട് സ്ഥാപകരുടെ ചൈതന്യം. മിശിഹാനുകരണത്തിനുള്ള ഉത്തമമായ മാതൃക ഇതാണ്, വിശുദ്ധ ഗ്രന്ഥ പാരായണവും, വിശുദ്ധഗ്രന്ഥ ധ്യാനവും. സ്ഥാപകരുടെ ചൈതന്യം സ്വാംശീകരിക്കേണ്ടത് സ്ഥാപകരുടെ ചരിത്രം പഠിച്ചും അവരുടെ ബോധ്യങ്ങൾ മനസ്സിലാക്കിയും അവരുടെ സിദ്ധികൾ പരിശീലിച്ചുമാണ്. സ്ഥാപകരുടെ ചൈതന്യം, ചാവറ പിതാവിന്റെ ചൈതന്യം, അക്ഷരശ്ശ ജീവിതത്തിൽ പ്രാവർത്തികമാക്കിയ വ്യക്തിയാണ് ദൈവദാസനായ കനിസിയൂസച്ചൻ.

വചനവും സ്ഥാപകരുടെ സിദ്ധിയും, കാലത്തിനും കാലത്തിനധീനതയും എന്നതാണ് ഒരു സി.എം.ഐ. സന്യാസിയുടെ ദൗത്യം. അത് അക്ഷരാർത്ഥത്തിൽ അനുസരിച്ച് ജീവിച്ച വ്യക്തിയാണ് നാം ഇന്ന് ആദരിക്കുന്ന, ചൈതന്യം സ്വീകരിക്കുന്ന ദൈവദാസനായ കനീസിയൂസച്ചൻ. ഒരു പക്ഷേ ചില നിയോഗങ്ങൾ കാണുമ്പോൾ ഞങ്ങളുടെ സഭാപിതാക്കന്മാർ എല്ലാവരുംതന്നെ മരിച്ചത് ജനുവരി മാസത്തിലാണ്. ചാവറ പിതാവ് ജനുവരി 3, പാലക്കൽ പിതാവ് ജനുവരി 16. പിന്നീട് വിശുദ്ധ കുരിയാക്കോസ് ഏലിയാസ് പിതാവിന് ശേഷം ദൈവദാസ പദവിയിലേക്ക് ഉയർത്തപ്പെട്ട ദൈവദാസൻ കനിസിയൂസച്ചൻ ജനുവരി 29. അത് കഴിയുമ്പോൾ ദൈവത്തിന്റെ ചില വെളിപ്പെടുത്തലുകളും ഇടപെടലുകളും ഉണ്ട്. 2014ൽ ആണ് വിശുദ്ധ ചാവറ പിതാവ് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നത്. അതിനു മുന്നോടിയായിട്ട് 2014 മാർച്ച് 29 നാണ് ഈ ദേവാലയത്തിൽ വെച്ചുതന്നെ ദൈവദാസൻ എന്ന പദവിയിലേക്ക് കനിസിയൂസച്ചൻ ഉയർത്തപ്പെട്ടതും.

**രണ്ട് കാര്യങ്ങളാണ് സന്യാസത്തിന്റെ അന്തഃസത്തയും ഓജസ്സും. ഒന്ന് മിശിഹാനുകരണം, രണ്ട് സ്ഥാപകരുടെ ചൈതന്യം. മിശിഹാനുകരണത്തിനുള്ള ഉത്തമമായ മാതൃക ഇതാണ്, വിശുദ്ധഗ്രന്ഥ പാരായണവും, വിശുദ്ധഗ്രന്ഥ ധ്യാനവും. സ്ഥാപകരുടെ ചൈതന്യം സ്വാംശീകരിക്കേണ്ടത് സ്ഥാപകരുടെ ചരിത്രം പഠിച്ചും അവരുടെ ബോധ്യങ്ങൾ മനസ്സിലാക്കിയും അവരുടെ സിദ്ധികൾ പരിശീലിച്ചുമാണ്.**

കർത്താവേ ഇന്ന് മുതൽ എന്റെ ഇഷ്ടമെല്ലാം ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്ക് മുഴുവനും ബലിയായിരിക്കുന്നു. നിന്റെ തിരുമനസ്സല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. ദൈവം തീരുമാനിച്ചത് നടക്കും, നടത്തും എന്നുള്ള ആപ്തവാക്യം സ്വന്തമാക്കിയ വ്യക്തിയാണ് ചാവറ പിതാ


തുടർച്ച 2-ാം പേജിൽ



“പരീക്ഷാവിജയം, ജോലി മുതലായവെരെല്ലാം ദിവ്യനാഥന്റെ കരങ്ങളിൽ സമർപ്പിച്ച്, കുഞ്ഞുങ്ങൾക്കടുത്ത പരമാർത്ഥയോടെ നമ്മുക്കു പ്രാർത്ഥിക്കാം. അവിടുന്ന് കാര്യമെല്ലാം സമർത്ഥമായി നടത്തും”

# ദൈവദാസനായ കനീസിയൂസച്ചൻ

## ജനമനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

"അവൻെറ ശരീരസ്പർശമേറ്റ തുവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു." (അപ്പ.19:12)

### ഹൃദയങ്ങളെ അറിയുന്ന ദൈവം

ദിവ്യ ജോൺസ്റ്റൈൻ, മേലൂർ

കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി മനസ്സിന് ഇണങ്ങിയ Plot (for house) നൽകി അനുഗ്രഹിക്കുകയും നഷ്ടപ്പെട്ടുപോയ കണ്ണട തിരിച്ചുകിട്ടുകയും ചെയ്തു. ഒരായിരം നന്ദി.

### മാനസാന്തരം നൽകിയ മദ്ധ്യസ്ഥശക്തി

ഒരു വിശ്വാസി

കത്തോലിക്കാ വിശ്വാസിയായ ഒരു കുടുംബനാഥൻ ഏകദേശം മൂന്നു വർഷമായി കുർബ്ബാന, കുമ്പസാരം തുടങ്ങി എല്ലാ തിരുകർമ്മങ്ങളിൽനിന്നും ഒഴിഞ്ഞുമാറി ജീവിക്കുകയായിരുന്നു. ഇത് മനസ്സിലാക്കിയ ഒരു വ്യക്തി കുടുംബനാഥന്റെ മാനസാന്തരത്തിനുവേണ്ടി ദൈവദാസൻ കനീസിയൂസച്ചനോട് നൊവേന ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി ഈ വ്യക്തി ഒരു ധ്യാനത്തിൽ സംബന്ധിക്കുകയും എല്ലാ കൂദാശാകർമ്മങ്ങളിലും ദിവ്യബലിയിലും പങ്കെടുക്കുകയും ചെയ്തുവരുന്നു. ഈ വലിയ ദാനത്തിന് നല്ല ദൈവത്തോട് നന്ദി പറയുന്നു.

### കളഞ്ഞുപോയ വസ്തു തിരിച്ചുകിട്ടി

ഡെൽസൺ പി. ഡേവീസ്

എന്റെ അനിയന്റെ കൈചെയിൻ കളഞ്ഞുപോയി. ഞാൻ കനീസിയൂസ് അച്ചനോട് മാധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരാഴ്ചയ്ക്കുശേഷം കളഞ്ഞുപോയ സ്ഥലത്തുനിന്ന് തിരിച്ചുകിട്ടി. ദൈവത്തിന് ഒരായിരം നന്ദി.

### നിലവിളികേട്ട ദൈവം

വിശ്വാസി

എനിക്ക് ദേഹം മുഴുവൻ വേദനയും നടക്കാൻ സാധിക്കാത്ത വിധം കാലിൽ വേദനയും ഉണ്ടായിരുന്നു. ഞാൻ വീട്ടിലിരുന്ന് കനീസിയൂസച്ചന്റെ പ്രാർത്ഥന ചൊല്ലി പ്രാർത്ഥിച്ചു, സാക്ഷ്യം എഴുതിയിടാമെന്നും പറഞ്ഞു. അതിന്റെ ഫലമായി ഇപ്പോൾ വളരെ സൗഖ്യം അനുഭവപ്പെടുന്നു. കനീസിയൂസ് പിതാവ് വഴി ദൈവത്തിൽനിന്ന് ലഭിച്ച അനുഗ്രഹത്തിന് നന്ദിയർപ്പിക്കുന്നു.

### അനുയോജ്യമായ ജീവിത പങ്കാളിയെ നൽകി അനുഗ്രഹിച്ചു

നിഖി അഗസ്റ്റിൻ, കൊട്ടേക്കാട്ട് ഹൗസ്, കാടുപ്പശ്ശേരി

എന്റെ വിവാഹം ശരിയാകുന്നതിനായി കബറിടത്തിൽ വന്ന് പ്രാർത്ഥിച്ചിരുന്നു. എനിക്ക് ഏറ്റവും അനുയോജ്യമായ വരനെ തന്നെ അനുഗ്രഹിച്ചതിനെയോർത്ത് കനീസിയൂസച്ചന് ഒരായിരം നന്ദി.

### അത്ഭുതകരമായ വെളിച്ചെണ്ണ

ഒരു വിശ്വാസി

എന്റെ വലതുകൈയുടെ അടിയിൽ ഒരു പയർമണിയുടെ വലുപ്പത്തിൽ തൊലിയുടെ അടിയിലായി ഒരു മുഴ ഉണ്ടായിരുന്നു. ഈ കാര്യം കീറിക്കളയാതെതന്നെ പൂർണ്ണമായി മാറ്റിത്തരുവാൻ കനീസിയൂസച്ചനോട് പ്രാർത്ഥിക്കുകയും അവിടത്തെ വെളിച്ചെണ്ണ കൈയിൽ പുരട്ടി കുരിശുവരയ്ക്കുകയും പ്രാർത്ഥിക്കുകയും ചെ

തുടർച്ച 1-ാം പേജിൽ നിന്നും

## പ്രാർത്ഥന ജീവിതമാക്കിയ, വചനത്തിൽ വിശ്വസിച്ച വിശുദ്ധൻ

ഫാ. പ്രിയോർ ജനറൽ, പോൾ അച്ചാണ്ടി

വ്. അതേ ശൈലിയിൽതന്നെ ദൈവതിരുമനസ്സ് അത് മുഴുവൻ, അത് മാത്രം എന്നായിരുന്നു കനീസിയൂസച്ചന്റെ ആപ്തവാക്യം. അപ്പോൾ ചാവറ പിതാവിന്റെത്തന്നെ ഒരു സഹോദരനായി, ഉത്തമ മകനായി വളർന്നുവരാനുള്ള വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടാനുള്ള വിളിയാണ് ദൈവദാസനായ കനീസിയൂസച്ചനുമുള്ളത്. രണ്ടുപേർക്കുമുള്ള വലിയ പ്രചോദനം ആത്മാർത്ഥതയെക്കുറിച്ചുള്ള തീവ്രമായ അഭിനിവേശമായിരുന്നു.

യാക്കോബിന്റെ ലേഖനം നാലാം അദ്ധ്യായവും അഞ്ചാം അദ്ധ്യായവും ഇങ്ങനെ പറയുന്നു: നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനെ ദൈവം അസൂയയോടെ അഭിലഷിക്കുന്നു. ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടിയാണ് ചാവറ പിതാവും ദൈവദാസൻ കനീസിയൂസച്ചനും പ്രാർത്ഥിച്ചതും, പ്രവർത്തിച്ചതും, സന്യാസത്തിൽ ജീവിച്ചതും, അവസാനം മരണം കൈവരിച്ചതും. അതുകൊണ്ട് സി.എം.ഐ. സന്യാസ കുടുംബത്തിന്റെ ആത്മീയത സ്വന്തമാക്കി, എല്ലാവർക്കും വിശുദ്ധരാകണമെന്നുള്ള വലിയ തത്വം നമ്മെ പഠിപ്പിച്ച ദൈവദാസനായ കനീസിയൂസച്ചൻ നമുക്ക് നൽകിയ യഥാർത്ഥ മാതൃകയാണ്. അതുകൊണ്ട് മനോഹരമായ ആരാധനയിലൂടെ വിചിന്തനങ്ങളിലൂടെ നമ്മൾ കനീസിയൂസച്ചൻ എന്ന വലിയ വിശുദ്ധ ആത്മാവിനെ കണ്ടുമുട്ടുവാൻ ശ്രമിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മാധ്യസ്ഥം നാം തേടുകയായിരുന്നു.

**പ്രാർത്ഥനയാണ് ഉദാത്തമായ പ്രേഷിത പ്രവർത്തി. കൊച്ചുത്രേസ്യായെപ്പോലെ പ്രാർത്ഥനയിലൂടെ ലോകത്തെ മാറ്റിമറിക്കുവാൻ കഴിയുമെന്ന് ദൈവസന്നിധിയിൽ മുട്ടുകുത്തി മണിക്കൂറുകളോളം പ്രാർത്ഥിച്ച ഈ പ്രേഷിത ആചാര്യൻ നമ്മോടു പറയുന്നു.**

അദ്ദേഹം സി.എസ്.ആറിൽ പ്രാർത്ഥനയിൽ സല്ലപിച്ചിരുന്ന മനുഷ്യനാണ്. ദിവ്യകാരുണ്യ സന്നിധിയിൽ മുട്ടുകുത്തി മണിക്കൂറുകൾ മറന്ന് തമ്പുരാനെ വിളിച്ച് സല്ലപിച്ച ചാവറ പിതാവിനെപ്പോലെ, സി.എസ്.ആർ. സന്നിധിയിൽ മണിക്കൂറുകളോളം ദിനചര്യയാക്കി മാറ്റി പ്രാർത്ഥന ജീവിതമാക്കിയ കനീസിയൂസച്ചൻ പ്രാർത്ഥനയുടെ വലിയ തപശ്ചര്യനായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. അദ്ദേഹം പറയുന്നു, പ്രാർത്ഥനയാണ് ഉദാത്തമായ പ്രേഷിതപ്രവർത്തി. കൊച്ചുത്രേസ്യായെപ്പോലെ പ്രാർത്ഥനയിലൂടെ ലോകത്തെ മാറ്റിമറിക്കുവാൻ കഴിയുമെന്ന് ദൈവസന്നിധിയിൽ മുട്ടുകുത്തി മണിക്കൂറുകളോളം പ്രാർത്ഥിച്ച ഈ പ്രേഷിത ആചാര്യൻ നമ്മോടു പറയുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ യാത്ര ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ജീവിത കാലഘട്ടത്തിൽ അദ്ദേഹം കണ്ട സ്വപ്നങ്ങൾക്കുമപ്പുറം വേറിട്ടൊരു സ്വപ്നവും ഇന്ന് സി.എം.ഐ. സഭയ്ക്ക് ഇല്ല എന്നതാണ് യാഥാർത്ഥ്യം.

ദൈവദാസൻ കനീസിയൂസച്ചൻ സാമൂഹ്യ പ്രതിബദ്ധതയുടെ മേഖലയിൽ, പഠനത്തിന്റെ മേഖലയിലൊക്കെ സഭയെ മുന്നോട്ടുനയിച്ച വ്യക്തിയാണ്. **അതുകൊണ്ടുതന്നെ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന ദൈവദാസനായ കനീസിയൂസച്ചൻ പറയുന്നു, ഞാൻ പിൻതിരിഞ്ഞ് നോക്കുമ്പോൾ ദൈവേഷ്ടം മാത്രമേ നിർവഹിച്ചിട്ടുള്ളു. മരണകിടക്കയിൽവെച്ച് ചാവറ പിതാവ് പറഞ്ഞു: മാമ്മോദീസയിലൂടെ ലഭിച്ച പ്രസാദവരം ഒരിക്കൽപോലും നഷ്ടപ്പെടുത്തിയിട്ടില്ല, തിരുകുടുംബത്തിന്റെ മാധ്യസ്ഥ സഹായത്താൽ. ഇതുപോലെതന്നെ കനീസിയൂസച്ചൻ പറഞ്ഞു, മരണകിടക്കയിൽ, ഞാൻ പിൻതിരിഞ്ഞ് നോക്കുമ്പോൾ ദൈവേഷ്ടം മാത്രമേ ഞാൻ നിർവ്വഹിച്ചിട്ടുള്ളു എന്നാണ് എന്റെ ആത്മാവ് എന്നോട് പറയുക.** തളർവാതം ബാധിച്ച് ഒത്തിരി പീഢകളും വേദനകളും സഹിക്കുമ്പോഴും നിന്റെ തിരുമനസ്സ് നിറവേറട്ടെ എന്ന് പറഞ്ഞു ദൈവദാസനായ കനീസിയൂസച്ചൻ. നമ്മുടെ മുമ്പിൽ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വരുമ്പോൾ അദ്ദേഹം നമുക്കു വെല്ലുവിളിയാണ്.

എല്ലാം ദൈവതിരുമനസ്സിനു കൊടുക്കുവാനുള്ള വെല്ലുവിളി. അതുകൊണ്ട് പ്രിയ സഹോദരീ, സഹോദരന്മാരെ, ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതം നാം സ്വന്തമാക്കാൻ ആഗ്രഹിക്കുമ്പോൾ അദ്ദേഹത്തിന്റെ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ

1) വചനം വായിക്കുക, പഠിക്കുക, ധ്യാനിക്കുക, ജീവിക്കുക

2) ദൈവതിരുമനസ്സ്, അത് മുഴുവൻ അതു മാത്രം പ്രേഷിതപ്രവർത്തിയായി മാറ്റുക.

മൂന്നാമതായി ജീവിതത്തിലെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ദൈവതിരുമനസ്സിനു സമർപ്പിച്ചുകൊണ്ട് ഈശോയുടെ പീഢാസഹനത്തോടു ചേർത്തുവയ്ക്കുക. നമ്മുടെ ജീവിതവും തമ്പുരാന്റെ കൃപകൊണ്ട് നിറയും. വിശുദ്ധ ചാവറ പിതാവിന്റെയും ദൈവദാസനായ കനീസിയൂസച്ചന്റെയും മാധ്യസ്ഥംവഴി ഈശോ നമ്മെയും നമ്മുടെ കുടുംബത്തെയും നമ്മുടെ നിയോഗങ്ങളെയും ആശീർവ്വദിക്കട്ടെ, അനുഗ്രഹിക്കട്ടെ.

**“ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയമാകുന്ന കോവിലിൽ വസിക്കുകയും നിരന്തരം നമ്മെ നയിക്കുകയും ചെയ്യുമ്പോൾ, നമുക്ക് ആകുലതയ്ക്കോ, അസ്വസ്ഥതയ്ക്കോ ഒട്ടും തന്നെ കാരണമില്ലല്ലോ.”**

യ്തിരുന്നു. ഏകദേശം നാല് മാസം കഴിഞ്ഞപ്പോൾ ഒരു അടയാളംപോലുമില്ലാതെ അത് കൈയിൽനിന്ന് മാഞ്ഞുപോവുകയും ചെയ്തു. ഇത്ര വലിയ അനുഗ്രഹം ദൈവത്തിൽനിന്ന് വാങ്ങിച്ചുതന്നതിന് ഒരായിരം നന്ദി.

## അനവധി അനുഗ്രഹങ്ങൾ നൽകിയ പിതാവ്

ഷീജ ജോസ്

കനീസിയൂസച്ചന്റെ മദ്ധ്യസ്ഥതയിൽ വീടിന്റെ പണി തീരുകയും മകളുടെ വിവാഹം നല്ല രീതിയിൽ നടക്കുകയും ചെയ്തു. നല്ല ദൈവത്തിന് നന്ദി.

## വേദനയിൽ ആശ്വാസമേകിയ ദൈവം

ജിൽന ജെറോം

എന്റെ ഡാഡിക്ക് ജോലിക്ക് പോകാൻ ഒരുപാട് ബുദ്ധിമുട്ട് നേരിടേണ്ടിവന്നു. അതിന്റെ ഫലമായി കനീസിയൂസച്ചനോട് മനമുരുകി പ്രാർത്ഥിച്ചതിന്റെ ഫലമായി എല്ലാ തടസ്സങ്ങളും മാറികിട്ടി. ഇത്ര വലിയ അനുഗ്രഹം ദൈവത്തിൽനിന്നു വാങ്ങിച്ചു തന്നതിന് നന്ദിയർപ്പിക്കുന്നു.

## കരുണാമയനായ പിതാവ്

ഒരു വിശ്വാസി

ദൈവദാസൻ കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൻ Petro Chemical Engineering ന് 5th Sem വരെ എല്ലാ വിഷയത്തിലും നല്ല മാർക്കോടെ പാസ്സായി. ഒരായിരം നന്ദി.

## അവിടുന്ന് തന്റെ ദാസനെ കടാക്ഷിക്കുന്നു

സി. മേരി സിൽസ

എന്റെ ശരീരത്തിനും കാലിനും സുഖംതന്നു ഈ ദേവാലയത്തിലേക്ക് അങ്കമാലി കറുകുറ്റിയിൽ നിന്നും യാത്ര ചെയ്ത് വരാൻ സുഖം നൽകിയതിന് നന്ദി പറയുന്നു.

## നിസ്സാരരെപ്പോലും ഉപേക്ഷിക്കാത്തവൻ

സി. ക്രിസ്റ്റി

ഓഫീസിൽ ഒരു വ്യക്തിയുടെ പെൻഷനുമായി ബന്ധപ്പെട്ട തടസ്സങ്ങൾ മാറി എല്ലാം ശരിയായി ക്രമീകരിച്ചതിൽ ദൈവദാസനായ കനീസിയൂസ് പിതാവിന്റെ പ്രത്യേക മാധ്യസ്ഥ സഹായം ഉണ്ടായിരുന്നു. ഈ കാര്യത്തിൽ ഇടപ്പെട്ട് അനുകൂല തീരുമാനം ഉണ്ടായതിൽ ഒരായിരം നന്ദിയർപ്പിക്കുന്നു.

## നന്ദിപറയാൻ എനിക്കീ ജീവിതം പോര

ഒരു വിശ്വാസി

കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി OET Exam പാസ്സാവുകയും വിദേശത്ത് നല്ല ആശുപത്രിയിൽ ജോലി ലഭിക്കുകയും ചെയ്തു. കനീസിയൂസച്ചന് ഒരായിരം നന്ദി.

## അത്ഭുതപ്രവർത്തകനായ വിശുദ്ധൻ

ആനീസ് തോമസ്, മേക്കാത്തുരുത്തി വീട്, ആലത്തൂർ.

പഴ്സിൽ സൂക്ഷിച്ചിരുന്ന താലി ഒന്നര മാസം കഴിഞ്ഞ് നോക്കിയപ്പോൾ കാണുന്നില്ല. വീട്ടുപരിസരം അരിച്ചുപെറുക്കി. അടുപ്പിൽനിന്നും വാരിവെച്ചിരുന്ന ചാരം രണ്ടുതവണ അരിച്ചുനോക്കി. ഒരു മാസത്തോളം അന്വേഷിച്ചു. പിന്നെ അന്വേഷണം നിറുത്തി. മൂന്ന് ആഴ്ചകൂടി കഴിഞ്ഞ് കനീസിയൂസച്ചനോട് സങ്കടപ്പെട്ട് പറഞ്ഞു: ആ താലി എനിക്ക് കാണിച്ചുതരണേ. അത് എനിക്കു വേണം. മൂന്ന് പ്രാവശ്യം നാമകരണ ജപം ചൊല്ലി പ്രാർത്ഥിച്ചു. ശേഷം ചാരം ചാക്കിൽതന്നെ നോക്കി. നാലിൽ ഒരു ഭാഗം നോക്കിയപ്പോഴേക്കും താലി കൈയിൽ തടഞ്ഞു. കത്തിക്കരിഞ്ഞിരുന്നു. എന്നാലും കാണിച്ചുതന്നല്ലോ. കനീസിയൂസച്ചന് ഒരായിരം നന്ദിയർപ്പിക്കുന്നു.

## വിവാഹം മംഗളകരമായി

ഒരു വിശ്വാസി

എന്റെ മകൾക്ക് വിവാഹം ഒന്നും ശരിയാകാതിരുന്ന അവസരത്തിൽ കനിസിയൂസച്ചന്റെ മാദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിച്ചു. വിവാഹം നടന്നാൽ സാക്ഷ്യം എഴുതിയിടാമെന്ന് പറഞ്ഞിരുന്നു. അതിന്റെ ഫലമായി മംഗളമായി ഒരു കുറവുംകൂടാതെ വിവാഹം നടക്കുകയും ചെയ്തു. ഒരായിരം നന്ദി.

## നന്ദി പറയുവാൻ എനിക്കീ ജീവിതംപോരാ

സോണിയ

ദൈവദാസനായ കനീസിയൂസച്ചന്റെ കബരിടത്തിൽവന്ന് പ്രാർത്ഥിച്ച് എന്റെ ചേട്ടന്റെ ക്യാൻസർ ടെസ്റ്റിന് പോയി. റിസൾട്ട് അനുകൂലമായി. പിതാവെ നന്ദി.

## കുരുക്കുകൾ അഴിക്കുന്ന ദൈവദാസൻ

ഒരു വിശ്വാസി

ദൈവദാസൻ കനീസിയൂസ് പിതാവിന്റെ പ്രത്യേക മദ്ധ്യസ്ഥതയിൽ കോളജിലെ 2015 വരെയുള്ള ഓഡിറ്റ് സംബന്ധിച്ചുള്ള കാര്യങ്ങൾ തീർപ്പാക്കി അവസാനിപ്പിച്ചു തന്നതിന് ഒരായിരം നന്ദിയർപ്പിക്കുന്നു.

## അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത ദൈവദാസൻ

ത്രേസ്യ, കൊരട്ടി

ലോൺ എടുക്കുന്നതിനായിട്ടുള്ള തടസ്സങ്ങൾ അനുഭവപ്പെട്ടപ്പോൾ ദൈവദാസനായ കനീയിസൂയച്ചന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി രണ്ട് ദിവസത്തിനകം ലോൺ പാസ്സായി. ഇത്ര വലിയ അനുഗ്രഹം ഈശോയിൽനിന്ന് വാങ്ങിത്തന്ന കനീസിയൂസച്ചന് ഒരായിരം നന്ദി.

## കടബാധ്യത മാറ്റി

ഒരു വിശ്വാസി

കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥംതേടി പ്രാർത്ഥിച്ചതിന്റെ ഫലമായി കടബാധ്യത മാറി കിട്ടുകയും ഞങ്ങൾക്ക് ഒരു കുഞ്ഞിനെ നൽകുകയും ചെയ്തു. ഒരായിരം നന്ദി.

## കിണറ്റിൽ വെള്ളം നൽകി അനുഗ്രഹിച്ചു.

വിശ്വാസി

കിണറ്റിൽ തീരെ വെള്ളം ഉണ്ടായിരുന്നില്ല. അതുകൊണ്ട് കിണറ്റിൽ ഒരുവട്ടംകൂടി കുഴിച്ചു; എന്നിട്ടും വെള്ളം കാണാതായപ്പോൾ കനീസിയൂസച്ചന്റെ മാധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചു. അത്ഭുതം എന്നു പറയട്ടെ, അടുത്ത ദിവസം ആയപ്പോഴേക്കും കിണറ്റിൽ ധാരാളം വെള്ളം ഉണ്ടായി. ഇത്രയും വലിയ അനുഗ്രഹം നൽകിയ കനീസിയൂസച്ചന് ഒരായിരം നന്ദി.

## വിജയം നൽകുന്നത് കർത്താവാണ്

ദിവ്യ ജോൺസ്റ്റൈൻ, കോട്ടമുറി

കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഭർത്താവിന്റെ പരീക്ഷ വളരെ എളുപ്പമായി നടന്നതിനും പാസ്സായതിനും നന്ദി പറയുന്നു.

തുടർച്ച 4-ാം പേജിൽ നിന്നും

# കുമ്പസാരത്തോടുള്ള സ്നേഹം വളർത്തിയ പുണ്യവര്യൻ

**ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത്,** അപ്പസ്തോലിക് വിസിറ്റേറ്റർ, യുറോപ്പ്

നുഭവിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമായി പറയാൻ സാധിക്കും.

മൂന്നാമത്തേത് അച്ചന്റെ മുഖത്തു കാണുന്ന ഒരു സംതൃപ്തി. പൗരോഹിത്യത്തിലും സന്യാസത്തിലും സംതൃപ്തി ഇല്ലെങ്കിൽ വളരെ ബുദ്ധിമുട്ടാണ്. ഫിലിപ്പിയക്കാർക്ക് എഴുതിയ ലേഖനത്തിൽ അപ്പസ്തോലൻ പറയുന്നത് ഞാൻ ഏതു സാഹചര്യത്തിലും സംതൃപ്തിയോടെ ജീവിക്കാൻ പഠിച്ചിട്ടുണ്ട്. അച്ചന്റെ മുഖത്ത് അത് കാണാൻ സാധിക്കും.

എന്താണ് ഈ സംതൃപ്തി? സ്വർഗ്ഗം തരുന്ന നിറവാണ് സംതൃപ്തി. സ്വർഗ്ഗം തരുന്ന നിറവ്, അത് ഹൃദയത്തിൽ സൂക്ഷിക്കാൻ എല്ലാവർക്കും സാധിക്കുകയില്ല. സന്യാസത്തിൽ അല്ലെങ്കിൽ പൗരോഹിത്യത്തിൽ ആ സ്വർഗ്ഗത്തിന്റെ നിറവ് അനുഭവിക്കാൻ പറ്റാത്ത ജീവിതങ്ങൾ ഈ കാലഘട്ടത്തിൽ നമ്മൾ കാണുന്നുണ്ട്. സ്വർഗ്ഗം തരുന്ന നിറവ് ഹൃദയത്തിൽ സൂക്ഷിക്കാൻ പറ്റാത്ത സന്യസ്തർക്കും പൗരോഹിത്യർക്കും പറ്റിയ ഹേതു എന്താണെന്ന് നമുക്കറിയാം. ലോകം തരുന്ന നിറവുകൊണ്ട് ലോകത്തിലെ സുഖങ്ങളും, ഭൗതികമായ സുഖസാഹചര്യങ്ങളിൽ നമ്മൾ നിറയ്ക്കുന്ന സംതൃപ്തിയല്ല, സന്തോഷമല്ല, അത് സ്വർഗ്ഗം തരുന്ന നിറവ്. ആ സ്വർഗ്ഗം തരുന്ന നിറവ് എന്നും സൂക്ഷിക്കുവാൻ കനീസിയൂസച്ചൻ എന്നും എന്നെ സഹായിച്ചിരുന്നു.

ഞാൻ റോമിൽനിന്നും പഠനം കഴിഞ്ഞ് വരുന്നതിന് മുമ്പ് അദ്ദേഹം മരിച്ചു. പക്ഷേ എന്നും ഞാൻ നന്മയോടെ ഓർക്കാറുണ്ട്. ഞാൻ അച്ചന്മാരോട് പറയാറുണ്ട്, കനീസിയൂസച്ചന്റെ കോഴ്സ് എടുക്കണം എന്ന്. കാരണം ഇന്ന് ഞാൻ എന്റെ പൗരോഹിത്യ ശുശ്രൂഷയിൽ സംതൃപ്തി അനുഭവിക്കുന്നുണ്ടെങ്കിൽ, സന്തോഷം അനുഭവിക്കുന്നുണ്ടെങ്കിൽ അതുപോലെതന്നെ കുമ്പസാരക്കൂടിനോട് സ്നേഹം തോന്നുവാൻ എന്നെ പഠിപ്പിച്ചത് കനീസിയൂസച്ചനാണ്. ഞാൻ സാധാരണ ശെമ്മാശന്മാരോട് പറയാറുണ്ട്, കുമ്പസാരക്കൂടിനോട് ഒരു അനുതാപി എന്ന നിലയ്ക്കും ഒരു കുമ്പസാരക്കാരനെന്ന നിലയ്ക്കും സ്നേഹം അല്ലെങ്കിൽ ഒരു ഇഷ്ടം തോന്നുന്ന ഒരു വൈദികനും ഒരു സന്യസ്തനും വീണുപോവുകയില്ല. കുമ്പസാരക്കൂടിനോടുള്ള സ്നേഹം എന്നെ പഠിപ്പിച്ചത് കനീസിയൂസച്ചനാണ്. അദ്ദേഹത്തിന്റെ നന്മകൾ എല്ലാംതന്നെ ഓർക്കുന്നു. അതുകൊണ്ടുതന്നെ ഒരു ദൈവികമായ മേഖല, അന്ന് CSRൽ ചെല്ലുമ്പോൾ നമുക്ക് അത് അനുഭവിക്കാൻ സാധിക്കുമായിരുന്നു. അതുപോലുള്ള വിശുദ്ധരായ പുരോഹിതരും സമൂഹത്തിൽ ഉണ്ടാകുവാനായിട്ട് ഈ നിമിഷം വളരെയധികം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ആ കനീസിയൂസച്ചന്റെ പ്രാർത്ഥനയ്ക്കും സ്മരണയ്ക്കും മുന്നിൽ എന്റെ പ്രാർത്ഥനകൾ ഞാൻ സമർപ്പിക്കുന്നു.

**മൂന്നാമത്തേത് അച്ചന്റെ മുഖത്തു കാണുന്ന ഒരു സംതൃപ്തി. പൗരോഹിത്യത്തിലും സന്യാസത്തിലും സംതൃപ്തി ഇല്ലെങ്കിൽ വളരെ ബുദ്ധിമുട്ടാണ്. ഫിലിപ്പിയക്കാർക്ക് എഴുതിയ ലേഖനത്തിൽ അപ്പസ്തോലൻ പറയുന്നത് ഞാൻ ഏതു സാഹചര്യത്തിലും സംതൃപ്തിയോടെ ജീവിക്കാൻ പഠിച്ചിട്ടുണ്ട്. അച്ചന്റെ മുഖത്ത് അത് കാണാൻ സാധിക്കും.**

ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത്
അപ്പസ്തോലിക് വിസിറ്റേറ്റർ, യൂറോപ്പ്



# കുമ്പസാരത്തോടുള്ള സ്നേഹം വളർത്തിയ പുണ്യവര്യൻ



ഞാൻ മൂന്ന് കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. കർമ്മലീത്ത സഭയുടെ എല്ലാ നന്മകളും മനസ്സിൽ സൂക്ഷിച്ചുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്. ഞാൻ കനീസിയൂസച്ചനെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. കർമ്മലീത്തായുടെ നന്മകൾ പറയുവാൻ തുടങ്ങിയാൽ അതിന് അവസാനം വരികയില്ല.

ഒന്നാമത്തേത്, **എനിക്ക് കുമ്പസാരത്തോടും കുമ്പസാരക്കൂടിനോടും ഉള്ള സ്നേഹം, അതിനോടുള്ള ഇഷ്ടം എന്നിൽ ഉണ്ടാക്കിയത് കനീസിയൂസച്ചനാണ്. ഞാൻ ചാലക്കുടിയിൽ 1988 ജനുവരി 18ന് കൊച്ചച്ചനായി വന്ന് രണ്ടുമൂന്ന് ആഴ്ച കഴിഞ്ഞപ്പോൾ എന്റെ വികാരിയച്ചനായിരുന്ന ജോസ് കാവുങ്ങലച്ചനോട് ഞാൻ ചോദിച്ചു: അച്ചാ എനിക്കൊരു കുമ്പസാരക്കാരനാകുവാനായിട്ട് സ്പിരിചൽ ഫാദറാകാൻ ആർക്കാണ് പറ്റുക. അപ്പോൾ എന്നോട് പറഞ്ഞു: കനീസിയൂസച്ചൻ എന്ന് പറഞ്ഞൊരു അച്ചനുണ്ട്. അദ്ദേഹം എവിടെയാണ് എന്ന് ഞാൻ ചോദിച്ചു. സി.എസ്.ആർ.ൽ ആണെന്ന് പറഞ്ഞു. ഞാൻ അവിടെ ചെന്നു. അന്ന് മുതൽ ഞാൻ റോമിൽ പോകുന്ന 1993 ആഗസ്റ്റ് മാസംവരെ അദ്ദേഹത്തിന്റെ അടുത്ത് എന്റെ ജീവിതം മുഴുവനും തുറന്നുവയ്ക്കാനായിട്ട് പോകുമായിരുന്നു.**

ഞാൻ കനീസിയൂസച്ചന്റെ അടുത്ത് വരുമ്പോൾ എനിക്ക് എന്റെ ജീവിതത്തെ മുഴുവനായി തുറന്നുവയ്ക്കാനായിട്ട് സാധിക്കുമായിരുന്നു. ഞാൻ സാധാരണ കുട്ടികളോട് പറയും, സെമിനാരി കുട്ടികളോട്, ജീവിതത്തിൽനിന്നും അച്ചനാകാനായിട്ട് പോകുമ്പോൾ ഞാൻ 14 വർഷം ഫോർമേഷൻ പിരീഡിൽ ആയിരുന്നു. ഒരു അച്ചനോട്, ചിലപ്പോൾ വൈദിക ദൈവവിളി സ്വീകരിച്ച സെമിനാരിയിൽ 11 വർഷം കഴിഞ്ഞ് ചിലപ്പോഴെങ്കിലും ഡീക്കനായിരിക്കുമ്പോൾ തുടരണോ, അച്ചനാകണോ അതോ പിൻതിരിഞ്ഞ് പോകണോ എന്ന് ചിലപ്പോൾ മനസ്സ് വായിച്ച് വന്നിട്ടുള്ള ശെമ്മാശന്മാരോട് ഞാൻ പറയും, ഏതെങ്കിലും ഒരു വൈദികന്റെ അടുത്ത് Confidence ഉള്ള ഒരു അച്ചന്റെ അടുത്തിരുന്ന് ഇന്നുവരെ സംഭവിച്ച എല്ലാ കാര്യങ്ങളും തുറന്നുപറയുക. ചിലപ്പോൾ കുമ്പസാരങ്ങൾ പല അച്ചന്മാരുടെ അടുത്തായിരിക്കാം നടത്തിയിട്ടുണ്ടാവുക. ഒരച്ചനോട് ഇന്നുവരെ, 25 വയസ്സുവരെ സംഭവിച്ച എല്ലാ കാര്യങ്ങളും തുറന്നുപറയുക. എന്നിട്ട് അച്ചൻ പറയുകയാണ് പോയി അച്ചനായി വരിക. അങ്ങനെ തന്നെ സംഭവിച്ചിരിക്കും.

ഞാൻ 14 വർഷവും സെമിനാരിക്കാരോട് പറഞ്ഞത് ഇതാണ്. അതിന് എനിക്ക് ധൈര്യം തന്നത് കനീസിയൂസച്ചനാണ്. ഞാൻ കുമ്പസാരത്തെക്കുറിച്ചുള്ള ക്ലാസുകൾ സെമിനാരിയിൽ എടുത്തിരുന്ന അച്ചനാണ്. Only a good confessant can be a good confessor. നന്നായി കുമ്പസാരിക്കുന്ന ഒരു ശെമ്മാശന്, ഒരു വൈദികന് മാത്രമേ നല്ലൊരു കുമ്പസാരക്കാരനാകാൻ സാധിക്കുകയുള്ളൂ. അത് ഞാൻ കനീസിയൂസച്ചനിൽനിന്നും മനസ്സിലാക്കിയ ഒരു കാര്യമാണ്. കുമ്പസാരക്കാരനോടും കുമ്പസാരക്കൂടിനോടും ഇഷ്ടം തോന്നി കുമ്പസാരിക്കുമ്പോൾ നമുക്ക് മറവെയ്ക്കാനായിട്ട് ഒന്നും ഇല്ല. നമ്മൾ ആയിരിക്കുന്നതുപോലെ അത് അവതരിപ്പിക്കുക. അച്ചന്റെ അടുത്തേക്ക് ചെല്ലുമ്പോൾ എനിക്ക് തോന്നിയിട്ടുള്ളത് അതാണ്. ആ മുഖത്ത് ഒരു പുഞ്ചിരിയുമുണ്ടായിരുന്നു. നൈർമല്യം ഉള്ളൊരു പുഞ്ചിരി. ആ പുഞ്ചിരിയുടെ മുന്നിൽ എന്തും തുറന്നുപറയാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

> **കുമ്പസാരിക്കുന്നവർക്ക് പേടിതോന്നാതെ കുമ്പസാരിപ്പിക്കാനും അതിനോട് ഒരു ഇഷ്ടം തോന്നുവാനും സാധിക്കുന്ന വൈദികരെയാണ് ഞാൻ സെമിനാരി ഫോർമേഷൻ കാലഘട്ടത്തിൽ കൊണ്ടുവന്നത്. അത് ഇന്നും ഞാൻ ജീവിതത്തിൽ അനുഭവിക്കുന്നു. റോമിലായാലും ഞാൻ അത് പരിശീലിപ്പിക്കുന്നു. കുമ്പസാരക്കൂടിനോടും കുമ്പസാരത്തിനോടും സ്നേഹം, ഇഷ്ടം ഉണ്ടാക്കിയ ഒരു വൈദികനായിരുന്നു ബഹുമാനപ്പെട്ട കനീസിയൂസച്ചൻ.**

അങ്ങനെ ഞാൻ നിങ്ങളോടു പറയും, കുമ്പസാരത്തോടും കുമ്പസാരക്കൂടിനോടും എനിക്ക് ഇഷ്ടം ഉണ്ടാക്കിയത് കനീസിയൂസ് പിതാവായിരുന്നു. എന്റെ ഫോർമേഷൻ കാലഘട്ടത്തിൽ ഞാൻ മൈനർ സെമിനാരിയിൽ വൈസ് റെക്ടർ ആയിരുന്നിട്ടുണ്ട്, റെക്ടർ ആയിരുന്നിട്ടുണ്ട്. വടവാതൂർ ഞാൻ വൈസ് റെക്ടറും മറ്റു പോസ്റ്റുകളും വഹിച്ചപ്പോഴും കുമ്പസാരക്കാരെ കൊണ്ടുവരുന്നതിനും ഞാൻ ശ്രദ്ധിച്ചു.

കുമ്പസാരിക്കുന്നവർക്ക് പേടിതോന്നാതെ കുമ്പസാരിപ്പിക്കാനും അതിനോട് ഒരു ഇഷ്ടം തോന്നുവാനും സാധിക്കുന്ന വൈദികരെയാണ് ഞാൻ സെമിനാരി ഫോർമേഷൻ കാലഘട്ടത്തിൽ കൊണ്ടുവന്നത്. അത് ഇന്നും ഞാൻ ജീവിതത്തിൽ അനുഭവിക്കുന്നു. റോമിലായാലും ഞാൻ അത് പരിശീലിപ്പിക്കുന്നു. കുമ്പസാരക്കൂടിനോടും കുമ്പസാരത്തിനോടും സ്നേഹം, ഇഷ്ടം ഉണ്ടാക്കിയ ഒരു വൈദികനായിരുന്നു ബഹുമാനപ്പെട്ട കനീസിയൂസച്ചൻ.

രണ്ടാമതായി പിതാവിന്റെ അടുത്തേയ്ക്ക് ചെല്ലുമ്പോൾ ഒരു സുന്ദരമായ ചിരി നൈർമല്യമുള്ള ഒരു പുഞ്ചിരിയുണ്ട്. അതിൽ എല്ലാം നമ്മൾ മറക്കും. ഞാൻ വിശുദ്ധിയെക്കുറിച്ച് എവിടെയോ വായിച്ചതോർക്കുന്നു, വാർധക്യത്തിലും മുഖത്ത് പ്രസന്നത കളയാതെ സൂക്ഷിക്കുന്നതാണ് വിശുദ്ധിയെങ്കിൽ കനീസിയൂസച്ചന് പൂർണ്ണമായും ആ വിശുദ്ധി ഉണ്ടായിരുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധിയെക്കുറിച്ച് പറയുന്നത് അദ്ദേഹം എഴുതിയ ചാക്രിക ലേഖനങ്ങൾ എല്ലാം നോക്കിയാൽ അറിയാം. ആദ്യത്തെ ചാക്രികലേഖനം എല്ലാം സന്തോഷത്തെക്കുറിച്ചാണ്. മൂന്ന് പ്രധാനമായിട്ടുള്ള അപ്പസ്തോലിക പ്രബോധനങ്ങളാണ് ഉള്ളത്.

ആദ്യത്തേത് 'സുവിശേഷത്തിന്റെ സന്തോഷം' ആ സുവിശേഷത്തിന്റെ സന്തോഷം കനിസിയൂസച്ചനിൽ ഉണ്ടായിരുന്നു.

പരിശുദ്ധ പിതാവിന്റെ രണ്ടാമത്തെ ചാക്രിക ലേഖനം വിവാഹത്തെക്കുറിച്ചായിരുന്നു. അത് 'സ്നേഹത്തിന്റെ സന്തോഷം'. അവസാനം കഴിഞ്ഞ വർഷം വിശുദ്ധിയെക്കുറിച്ച് പരിശുദ്ധ പിതാവ് ഇറക്കിയ മറ്റൊരു അപ്പസ്തോലിക പ്രബോധനമായിരുന്നു "ആനന്ദിച്ച് ആഹ്ലാദിക്കാം".

മാർച്ച് 19-ാം തിയ്യതി വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിവസമാണ് "ആനന്ദിച്ച് ആഹ്ലാദിക്കാം" പ്രസിദ്ധീകരിച്ചത്. ആനന്ദമുള്ള ഒരു പൗരോഹിത്യം അല്ലെങ്കിൽ സന്തോഷമുള്ള ഒരു പൗരോഹിത്യം, അത് എന്നെ പഠിപ്പിച്ച, അത് എന്നെ കാണിച്ചുതന്ന പൗരോഹിത്യമാണ്, സന്യാസമാണ് കനീസിയൂസച്ചൻ എന്ന് എനിക്ക് വ്യക്തമായി പറയാൻ പറ്റും. എനിക്ക് അച്ചനിൽനിന്ന് ആ സന്തോഷം അ


തുടർച്ച 3-ാം പേജിൽ

## ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ


| | |
|---|---|
| 1914 മെയ് 12 | ജനനം; ആനന്ദപുരം |
| 1914 മെയ് 12 | മാമ്മോദീസ; പറപ്പൂക്കര |
| 1927 - 1928 | നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | ആദ്യവ്രതം |
| 1936 - 1942 | സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസം. 21 | പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | ഡി.ഡി.പഠനം; കാൻഡി |
| 1948 - 1952 | ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 - 1959 | സെമിനാരി പ്രഫസർ; ബാംഗ്ലൂർ |
| 1960 - 1966 | റെക്ടർ, ബാംഗ്ലൂർ |
| 1966 - 1972 | പ്രിയോർ ജനറാൾ, ഏറണാകുളം |
| 1972 - 1975 | പ്രൊവിൻഷ്യാൾ; തൃശൂർ |
| 1975 - 1978 | സുപ്പീരിയർ, ആത്മീയഗുരു; ബാംഗ്ലൂർ |
| 1978 - 1981 | വികാർ ജനറാൾ; എറണാകുളം |
| 1981 - 1996 | ആത്മീയഗുരു; പരിയാരം |
| 1996 - 1998 | ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | ദൈവദാസ പദവി |

### എല്ലാ വ്യാഴാഴ്ചകളിലും ദൈവദാസനായ കനീസിയൂസ് CMI യുടെ കബറിട ദേവാലയത്തിൽ നടത്തുന്ന പ്രാർത്ഥനകൾ

| | |
|---|---|
| 06.00 am | ദിവ്യബലി, കബറിടത്തിൽ ഒപ്പീസ് |
| 02.30 pm | ത്രിമുഖ ജപമാല ജനങ്ങളോടൊപ്പം |
| 05.00 pm | സിസ്റ്റേഴ്സിന്റെ പ്രാർത്ഥന |
| 07.00 pm | നവസന്യാസികളുടെയും വൈദികരുടെയും പ്രാർത്ഥന |




The Vice Postulator, Servant of God Fr. Canisius' Cause
ST. TERESA'S MONASTERY, KOTTACKAL
Mala P.O., Kotttamuri, Thrissur - 680 732
Tel: 0480 - 2890225, 2891080, Mob: 9539444156 e-mail : dpanakkal@yahoo.com



ദൈവദാസനായ കനീസിയൂസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കോട്ടക്കൽ ആശ്രമദേവാലയം